"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ്- വിഴിഞ്ഞം തുറമുഖത്തെ "Rectification of Transit shed at Seaward wharf at Vizhinjam"എന്ന പ്രവൃത്തിക്ക് CC 2nd and final bill തുക നൽകുന്നതിനുള്ള ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.223/2024/F&P തീയതി,തിരുവനന്തപുരം, 04-05-2024

പരാമർശം:- 1. 19.05.2023 ലെ സ.ഉ(സാധാ)401/2023/മതുവ

2. 17.02.2024 ലെ സ.ഉ(സാധാ)110/2024/മതുവ

3. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30/3/2024 തീയതിയിലെ സി1-2490/2019 നമ്പർ കത്ത്

ഉത്തരവ്

വിഴിഞ്ഞം തുറമുഖത്തെ "Rectification of Transit shed at Seaward wharf at Vizhinjam" എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 21 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് CC 1st & Part Bill തുകയായ 9,83,734/- രൂപയുടെ ഫണ്ട് പരാമർശം (2) പ്രകാരം അനുവദിച്ചതുപ്രകാരം ഹാർബർ എഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുക മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. CC 2nd and final bill തുകയായ 7,65,289/-(GST ഉൾപ്പെടെ) കരാറുകാരനായ ശ്രീ. മുഹമ്മദ് ഫയാസ്, തിരുവനന്തപുരത്തിന് അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ബില്ലും മറ്റ് രേഖകളും സമർപ്പിച്ചിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ Rectification of Transit shed at Seaward wharf at Vizhinjam എന്ന പ്രവൃത്തിയുടെ CC 2nd and final bill തുകയായ 7,65,289/- രൂപയുടെ (GST ഉൾപ്പെടെ 6,48,550+1,16,739/-) (ഏഴ് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) ഫണ്ട് "5051-02-200-82-Vizhinjam Cargo Harbour" എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തികവർഷത്തിൽ ഫിനാൻസ് ഓഫീസർ, കേരള മാരിടൈം ബോർഡിന് അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് സി.ഇ.ഒ അപേക്ഷിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. Rectification of Transit shed at Seaward wharf at Vizhinjam എന്ന പ്രവൃത്തിയുടെ CC 2nd and final bill തുകയായ 7,65,289/-രൂപയുടെ (GST ഉൾപ്പെടെ 6,48,550+1,16,739/-) (ഏഴ് ലക്ഷത്തി

അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) ഫണ്ട് "5051-02-200-82-Vizhinjam Cargo Harbour" എന്ന ശീർഷകത്തിൽ നിന്ന് കണ്ടെത്തുന്നതിന് ഫിനാൻസ് ഓഫീസർ, കേരള മാരിടൈം ബോർഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡീഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈംബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള തിരുവനന്തപുരം
✓ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Usha P Y
Date: 04-05-2024 13:05:08
സെക്ഷൻ ഓഫീസർ